പദ്ധതികൾ വെട്ടിച്ചുരുക്കിയ നടപടി

25 [3718] *ശ്രീ. ടി. കെ. ബാലൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ വർഷം ലക്ഷ്യമിട്ടിരുന്ന പദ്ധതികളിൽ വെട്ടിക്കുറവ് വരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ അത്തരത്തിൽ വെട്ടിക്കുറവ് വരുത്തുവാൻ ഇടയായ സാഹചര്യം വെളിപ്പെടുത്തുമോ;

(സി) ഏതെല്ലാം മേഖലകളിലാണ് വെട്ടിക്കുറവ് വരുത്തിയതെന്ന് വ്യക്തമാക്കാമോ;

(ഡി) ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ടാകുന്നതും സമ്പദ്ഘടനയെ സാരമായി ബാധിക്കുന്നതുമായ ഈ നടപടി തിരുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തിന്റെ സാമ്പത്തികനിലകണക്കിലെടുത്തുകൊണ്ടാണ് വെട്ടിക്കുറവ് വരുത്തിയത്.

(സി) കൃഷി, പരമ്പരാഗത വ്യവസായം, വൈദ്യുതി, കുടുംബശ്രീ, കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള സംസ്ഥാന വിഹിതം, വിദേശ സഹായമുള്ള പദ്ധതികൾക്കുള്ള സംസ്ഥാന വിഹിതം എന്നിവ ഒഴികെയുള്ള മറ്റു വികസന മേഖലകളിൽ വെട്ടിക്കുറവ് വരുത്തിയിട്ടുണ്ട്. (വെട്ടിക്കുറവ് സംബന്ധിച്ച സർക്കാർ ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം ചേർത്തിട്ടുണ്ട്.)†

(ഡി) വിഭവലഭ്യത മുൻകൂട്ടി കണക്കാക്കുന്നതിനനുസരിച്ചാണ് ഓരോ വർഷത്തേയും വാർഷിക പദ്ധതിക്ക് രൂപം നൽകുന്നത്. പദ്ധതിയേതര ചെലവുകൾ വർദ്ധിക്കുകയും വിഭവലഭ്യത പ്രതീക്ഷിച്ചത്ര കൈവരിക്കാൻ സാധിക്കാതെയും വരുന്ന സന്ദർഭങ്ങളിൽ പദ്ധതിയിൽ വെട്ടിക്കുറവ് വരുത്തേണ്ടതായി വരാറുണ്ട്. വിഭവലഭ്യത സുസ്ഥിരമാകുന്ന മുറയ്ക്ക് ഈ പ്രശ്നം പരിഹരിക്കാൻ സാധിക്കും.

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly